# 2012-ലെ കേരള കർഷക കടാശ്വാസ കമ്മീഷൻ (ഭേദഗതി) ബിൽ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടും സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള ബില്ലും

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2012

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

# 2012-ലെ കേരള കർഷക കടാശ്വാസ കമ്മീഷൻ (ഭേദഗതി) ബിൽ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടും സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള ബില്ലും

2274/2012.

## സബ്ജക്ട് കമ്മിറ്റി II

### ഭൂനികുതിയും ദേവസ്വവും

### (2011-13)

ഘടന

<u>ചെയർമാൻ</u> :

ശ്രീ. അടൂർ പ്രകാശ്,
റവന്യൂവും കയറും വകുപ്പുമന്ത്രി.

<u>എക്സ്-ഒഫീഷ്യോ അംഗം</u> :

ശ്രീ. വി. എസ്. ശിവകുമാർ,
ആരോഗ്യവും ദേവസ്വവും വകുപ്പുമന്ത്രി.

<u>അംഗങ്ങൾ</u> :

ശ്രീ. പി. ബി. അബ്ദുൾ റസാക്

,, ബാബു എം. പാലിശ്ശേരി

,, സി. കെ. നാണു

,, എ. പ്രദീപ്കുമാർ

,, പാലോട് രവി

,, സി. കെ. സദാശിവൻ

,, വി. പി. സജീന്ദ്രൻ

,, എൻ. ഷംസുദ്ദീൻ

,, വി. എസ്. സുനിൽ കുമാർ.

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u> :

ശ്രീ. പി. ഡി. ശാരംഗധരൻ, സെക്രട്ടറി.

ശ്രീ. കെ. സി. ജോസഫ്കുട്ടി, ജോയിന്റ് സെക്രട്ടറി

ശ്രീ. എം. കെ. സുരേന്ദ്രലാൽ, ഡെപ്യൂട്ടി സെക്രട്ടറി.

**2012-ലെ കേരള കർഷക കടാശ്വാസ കമ്മീഷൻ (ഭേദഗതി) ബിൽ**

## സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട്

ഭൂനികുതിയും ദേവസ്വവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി II-ന്റെ പരിഗണനയ്ക്കയച്ച 2012-ലെ കേരള കർഷക കടാശ്വാസ കമ്മീഷൻ (ഭേദഗതി) ബിൽ ഖണ്ഡം ഖണ്ഡമായി പരിഗണിച്ചതനുസരിച്ചുള്ള സബ്ജക്ട് കമ്മിറ്റിയുടെ റിപ്പോർട്ടും അതിനോടനുബന്ധമായി ചേർത്തിട്ടുള്ള സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള ബില്ലും സമർപ്പിക്കുന്നു.

2. 2012-ലെ കേരള കർഷക കടാശ്വാസ കമ്മീഷൻ (ഭേദഗതി) ബിൽ 2012 നവംബർ മാസം 26-ാം തീയതി അസാധാരണ ഗസറ്റായി പ്രസിദ്ധീകരിച്ചു. ഈ ബിൽ 2012 ഡിസംബർ 13-ാം തീയതി സഭയിൽ അവതരിപ്പിക്കുകയും അന്നേ ദിവസം തന്നെ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കുകയും ചെയ്തു.

3. 2012 ഡിസംബർ 13-ാം തീയതി കമ്മിറ്റി യോഗം ചേർന്ന് ബിൽ ഖണ്ഡം ഖണ്ഡമായി പരിഗണിക്കുകയും ഭേദഗതി കൂടാതെ അംഗീകരിക്കുകയും ചെയ്തു.

4. വിയോജനക്കുറിപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു.

അടൂർ പ്രകാശ്,
*ചെയർമാൻ,*
*സബ്ജക്ട് കമ്മിറ്റി II.*

തിരുവനന്തപുരം,
2012 ഡിസംബർ 14.

## വിയോജനക്കുറിപ്പ്

2012-ലെ കേരള കർഷക കടാശ്വാസ കമ്മീഷൻ (ഭേദഗതി) ബില്ലിന്റെ ഉദ്ദേശകാരണത്തിൽ പറയുന്നത് പ്രകാരം 'കടം' എന്ന വാക്കിന്റെ നിർവ്വചനത്തിൽ ആക്ടിന്റെ പ്രാരംഭ തീയതിയിലോ അതിനുമുൻപോ കർഷകനിൽ നിന്നും കിട്ടേണ്ടതായിട്ടുള്ള ബാധ്യതകൾ മാത്രമെ 'കടം' എന്ന വാക്കിന്റെ നിർവ്വചനത്തിൽ ഉൾപ്പെടുത്തിയിട്ടുള്ളൂവെന്നതിനാലും 2007 ജനുവരി 18-ാം തീയതിയാണ് ആക്ട് നിലവിൽ വന്നത് എന്നതിനാലും, ഈ തീയതിക്ക് ശേഷം ഉണ്ടായിട്ടുള്ള ബാധ്യതകൾ ഈ ആക്ടിന്റെ പരിധിയിൽ വരുന്നില്ല . ഈ സാഹചര്യത്തിൽ 2011 ഒക്ടോബർ 31 വരെയുള്ള മുഴുവൻ കാർഷിക കടങ്ങളും കൂടി ആക്ടിന്റെ പരിധിയിൽ കൊണ്ടുവരാൻ തീരുമാനിച്ചിരിക്കുന്നതായി പറയുന്നു. എന്നാൽ 2011 ഒക്ടോബർ 31 എന്നതിനുപകരം 2012 നവംബർ 30 വരെയുള്ള മുഴുവൻ കടങ്ങളും ഈ ആക്ടിന്റെ പരിധിയിൽ ഉൾപ്പെടുത്തേണ്ടതാണെന്ന് ആവശ്യപ്പെടുന്നു. അപ്രകാരം നിയമത്തിൽ വ്യവസ്ഥ ചെയ്യാത്തതിലുള്ള വിയോജനം രേഖപ്പെടുത്തുന്നു.

| | | |
|---|---|---|
| | വി. എസ്. സുനിൽ കുമാർ | (ഒപ്പ്) |
| തിരുവനന്തപുരം, | ബാബു എം. പാലിശ്ശേരി | (ഒപ്പ്) |
| 2012 ഡിസംബർ 13. | സി. കെ. നാണു | (ഒപ്പ്) |

# 2012-ലെ കേരള കർഷക കടാശ്വാസ കമ്മീഷൻ (ഭേദഗതി) ബിൽ

(സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ളത്)

2006-ലെ കേരള കർഷക കടാശ്വാസ കമ്മീഷൻ ആക്റ്റ് വീണ്ടും ഭേദഗതി ചെയ്യുന്നതിനുള്ള

ഒരു

## ബിൽ

പീഠിക.—2006-ലെ കേരള കർഷക കടാശ്വാസ കമ്മീഷൻ ആക്റ്റ് ഇതിന് ശേഷം കാണുന്ന ആവശ്യങ്ങൾക്കായി വീണ്ടും ഭേദഗതി ചെയ്യുന്നത് യുക്തമായിരിക്കുകയാൽ;

ഭാരത റിപ്പബ്ലിക്കിന്റെ അറുപത്തിമൂന്നാം സംവത്സരത്തിൽ താഴെ പറയും പ്രകാരം നിയമമുണ്ടാക്കുന്നു:—

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ആക്റ്റിന് 2012-ലെ കേരള കർഷക കടാശ്വാസ കമ്മീഷൻ (ഭേദഗതി) ആക്റ്റ് എന്ന് പേര് പറയാം.

(2) ഇത് 2012 മേയ് 26-ാം തീയതി പ്രാബല്യത്തിൽ വന്നതായി കരുതപ്പെടേണ്ടതാണ്.

2. 2-ാം വകുപ്പിനുള്ള ഭേദഗതി.—2006-ലെ കേരള കർഷക കടാശ്വാസ കമ്മീഷൻ ആക്റ്റിന്റെ (2007-ലെ 1) (ഇതിനുശേഷം പ്രധാന ആക്റ്റ് എന്നാണ് പരാമർശിക്കപ്പെടുക) 2-ാം വകുപ്പ് (vii)-ാം ഖണ്ഡത്തിൽ, "ഈ ആക്റ്റിന്റെ പ്രാരംഭ തീയതിയിലോ അതിനുമുമ്പോ" എന്ന വാക്കുകൾക്കുപകരം "ഈ ആക്റ്റിന്റെ പ്രാരംഭ തീയതിയിലോ അതിനുമുമ്പോ അല്ലെങ്കിൽ സംസ്ഥാനത്തെ ഏതെങ്കിലും പ്രത്യേക ദുരന്ത ബാധിത പ്രദേശത്തെ സംബന്ധിച്ച്, സർക്കാർ ഗസറ്റ് വിജ്ഞാപനംമൂലം നിശ്ചയിച്ചേക്കാവുന്ന അങ്ങനെയുള്ള ഏതെങ്കിലും തീയതിക്കോ അതിന് മുമ്പോ" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

3. റദ്ദാക്കലും ഒഴിവാക്കലും.—(1) 2012-ലെ കേരള കർഷക കടാശ്വാസ കമ്മീഷൻ (ഭേദഗതി) ഓർഡിനൻസ് (2012-ലെ 40) ഇതിനാൽ റദ്ദാക്കിയിരിക്കുന്നു.

(2) അങ്ങനെ റദ്ദാക്കിയിരുന്നാൽത്തന്നെയും, പ്രസ്തുത ഓർഡിനൻസ് പ്രകാരം ഭേദഗതി ചെയ്യപ്പെട്ട പ്രധാന ആക്റ്റിൻകീഴിൽ ചെയ്തതോ ചെയ്തതായി കരുതപ്പെടുന്നതോ ആയ ഏതെങ്കിലും കാര്യമോ എടുത്തതോ എടുത്തതായി കരുതപ്പെടുന്നതോ ആയ ഏതെങ്കിലും നടപടിയോ ഈ ആക്റ്റ് പ്രകാരം ഭേദഗതി ചെയ്യപ്പെട്ട പ്രധാന ആക്റ്റിൻകീഴിൽ ചെയ്തതായോ എടുത്തതായോ കരുതപ്പെടേണ്ടതാണ്.

കേരള നിയമസഭാ സെക്രട്ടേറിയറ്റ്,
തിരുവനന്തപുരം,
2012 ഡിസംബർ 14.

**പി. ഡി. ശാരംഗധരൻ,**
*സെക്രട്ടറി.*

2274/2012.